# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6351** | **31.10.2011 ൽ മറുപടിയ്ക്ക്**

### ഉടുമ്പൻചോല ശാന്തൻപാറയിലെ കാട്ടാനശല്യം.

| ചോദ്യം<br>ശ്രീ. കെ. കെ. ജയചന്ദ്രൻ | | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഉടുമ്പൻചോല ശാന്തൻപാറ ഭാഗത്ത് കാട്ടാനശല്യം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉടുമ്പൻചോല ശാന്തൻപാറ ഭാഗത്ത് കാട്ടാനശല്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കാട്ടാനശല്യം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | ഇത് തടയുന്നതിനായി എന്തൊക്കെ സംവിധാനങ്ങൾ ആണ് നിലവിലുള്ളത്; | (ബി) | കാട്ടാനശല്യം തടയുന്നതിനായി ചിലയിടങ്ങളിൽ സൗരോർജ്ജ കമ്പിവേലികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ സൗരോർജ്ജവേലികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ കേരളത്തിൽ 5 റാപ്പിഡ് റെസ്പോൺസ് ടീമുകളെ നിയോഗിച്ചിട്ടുണ്ട്. ഇതിൽ റാന്നി ആസ്ഥാനമായി രൂപീകരിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉടുമ്പൻചോല ശാന്തൻപാറ ഭാഗം ഉൾപ്പെടുന്ന മൂന്നാർ ഡിവിഷനു കീഴിലുള്ള സ്ഥലങ്ങളിൽ ലഭ്യമാകുന്നതാണ്. |
| (സി) | നിലവിലുള്ള സംവിധാനങ്ങൾ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (സി) | കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാനായി സംസ്ഥാനത്തെ മുഴുവൻ വനമേഖലയിലും സേവനം ലഭ്യമാകത്തക്ക രീതിയിൽ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ആധുനിക സംവിധാനമായി റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ